**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2355** **07.10.2016 ൽ മറുപടിയ്ക്ക്**

**"റെസിഡ്യൂൽ ലാബ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ നടപടികൾ"**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) ഇപ്പോൾ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന പച്ചക്കറിയിലെ വിഷാംശങ്ങൾ കണ്ടെത്തുന്ന റെസിഡ്യൂൽ ലാബ് ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ജില്ലാ കേന്ദ്രങ്ങളിൽ ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. തൃശ്ശൂർ, കാസർഗോഡ്, പടന്നക്കാട് എന്നിവിടങ്ങളിൽ ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) പച്ചക്കറിയിലെ വിഷാംശങ്ങൾ കണ്ടെത്തുന്ന ലാബ് റിപ്പോർട്ട് ഉടൻ തന്നെ മാധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) നിലവിൽ ലാബ് റിപ്പോർട്ട് സർക്കാർ വെബ്സൈറ്റ് വഴി പ്രസിദ്ധപ്പെടുത്തുന്നുണ്ട്. റിപ്പോർട്ട് മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് ടാക്സ് നൽകി കൊണ്ടുവരുന്ന വിഷാംശങ്ങൾ അടങ്ങിയ പച്ചക്കറിയിലെ വിഷാംശത്തിന്റെ അളവ് ജനങ്ങളെ അറിയിക്കുവാനും അതുവഴി നാടൻ കൃഷിയെ പ്രോത്സാഹിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) പഴം, പച്ചക്കറികളുടെ സാമ്പിളുകൾ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റേയും വെബ് സൈറ്റിലും മൂന്ന് മാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാവകുപ്പും ഇപ്രകാരം സാമ്പിളുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നുണ്ട്.<br>സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ സംഭരിച്ച് പാക്ക് ചെയ്ത് വിൽപന നടത്തുന്നതിലേയ്ക്കും ധനസഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**